# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5057. 15-11-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ ഫലമായി എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി കഴിഞ്ഞ മൂന്നു വർഷങ്ങളിലും നടപ്പാക്കിയിരുന്നു. സുസ്ഥിര നെൽകൃഷി വികസനത്തിന് ഹെക്ടറൊന്നിന് 5500/- രൂപയും, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിനു ഹെക്ടറിനു 10000/- രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000/- രൂപയും, കരനെൽ കൃഷിക്ക് 13600/- രൂപയും ധനസഹായമായി നൽകിവരുന്നു. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5400/- രൂപയും സൂക്ഷ്മമൂലകങ്ങൾ നൽകുന്നതിനു 500/- രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഗ്രൂപ്പ് ഫാമിങ് സമിതികൾക്ക് ഹെക്ടറിനു 360/- രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്.<br><br>നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, RAD-NMSA, ആർ കെ വി വൈ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>നെൽകൃഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരമാവധി തരിശുഭൂമി നെൽകൃഷിയിലേക്ക് കൊണ്ടുവരുന്നതിനു നടപടികൾ സ്വീകരിച്ചിരുന്നു. തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നു. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയുണ്ട്. നെൽകൃഷി മേഖലയിൽ പദ്ധതിയധിഷ്ഠിതമായും തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11936.0781 ഹെക്ടർ തരിശുനിലം കൃഷിയിലേക്ക് കൊണ്ടുവന്നു.<br>കൂടാതെ കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു. അതിനായി ഹെക്ടറിന് 13600/- രൂപ സബ്സിഡി നൽകി വരുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 7715.20406 ഹെക്ടർ സ്ഥലത്ത് കരനെല്ല് കൃഷി ചെയ്യാൻ സാധിച്ചു.<br>ഈ നടപടികളുടെ ഫലമായി 2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് 2017-18 ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തികവർഷം 2,02,985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്. |
| (ബി) | നെൽകൃഷിക്കാർക്ക് ഇതിന്റെ ഭാഗമായി വന്നുചേർന്നിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ? | (ബി) | നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവുണ്ടായതിനു ആനുപാതികമായി ഉല്പാദനത്തിലും വർദ്ധനവുണ്ടായി. 2015-16 ൽ 858242 മെട്രിക് ടൺ നെല്ലായിരുന്നു ഉല്പാദിപ്പിച്ചത്. 2018-19 ൽ പ്രകൃതിക്ഷോഭം കാരണം വിസ്തൃതിയിൽ 35,000 ഹെക്ടറിൽ കുറവുണ്ടായിട്ടും 864143.98 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കാൻ സാധിച്ചു. ഉല്പാദനം വർദ്ധിച്ചതിലൂടെ കർഷകരുടെ വരുമാനവും വർദ്ധിച്ചു. കർഷകരിൽ നിന്നും സപ്ലൈകോ മുഖേന കിലോയ്ക്ക് 26.95 രൂപ നൽകി നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ ഭക്ഷ്യ പൊതു വിതരണ വകുപ്പ് സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**